# പൊതുവിവരങ്ങൾ

( പരിഷ്കരിച്ചത്)

| | |
|---|---|
| തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | : ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് |
| പ്രവർത്തന ആസ്ഥാനം | : തടിയമ്പാട് |
| ബ്ലോക്ക് രൂപീകരിച്ച വർഷം | : 1981 |
| വിസ്തീർണ്ണം | : 765.45 ച.കി.മി. |
| **അതിരുകൾ** | |
| കിഴക്ക് | : കട്ടപ്പന, നെടുങ്കണ്ടം ബ്ലോക്കുകൾ |
| പടിഞ്ഞാറ് | : ഇളംദേശം ബ്ലോക്ക് |
| തെക്ക് | : ഇളംദേശം, അഴുത, കാഞ്ഞിരപ്പള്ളി |
| വടക്ക് | : അടിമാലി ബ്ലോക്ക് |
| ബ്ലോക്കിന്റെ സ്ഥാനം | : ഉത്തര അക്ഷാംശം 770 യ്ക്കും 780 യ്ക്കും |
| | : പൂർവ്വരേഖാംശം 100 യ്ക്കും 110 യ്ക്കും മദ്ധ്യേ |
| ജനസംഖ്യ | : 130601* |
| സ്ത്രീപുരുഷ അനുപാതം | : 1000 986 |
| ആകെ കുടുംബങ്ങൾ SC കുടുംബങ്ങൾ | : 32901* |
| SC കുടുംബങ്ങൾ | : 1357* |
| SC ജനസംഖ്യ | : 8417 |
| പുരുഷന്മാർ | : 4173* |
| സ്ത്രീകൾ | : 4244* |
| ST കുടുംബങ്ങൾ | : 3051* |
| ST ജനസംഖ്യ | : 9508* |
| പുരുഷന്മാർ | : 4902 |
| സ്ത്രീകൾ | : 4606 |
| ബ്ലോക്ക് ഉൾപ്പെടുന്ന താലൂക്കുകൾ | : (1) ഉടുമ്പൻചോല<br>(2) തൊടുപുഴ<br>(3) ഇടുക്കി |
| ബ്ലോക്ക് ഉൾപ്പെടുന്ന വില്ലേജുകൾ | : (1) അറക്കുളം<br>(2) ഇലപ്പള്ളി<br>(3) ഇടുക്കി<br>(4) തങ്കമണി<br>(5) ഉപ്പുതോട്<br>(6) കഞ്ഞിക്കുഴി<br>(7) വാത്തിക്കുടി |
| അസംബ്ലി മണ്ഡലം | : ഇടുക്കി |
| ലോക് സഭ മണ്ഡലം | : ഇടുക്കി |
| റവന്യൂ ജില്ല | : ഇടുക്കി |

ആമുഖം

# പൗരാവകാശരേഖ

രാജ്യ പുരോഗതിക്കായുള്ള അന്വേഷണത്തിൽ പൗരാവകാശ സംരക്ഷണത്തിന് ഗണനീയമായ സ്ഥാനമുണ്ട്. നാടിന്റെ യഥാർത്ഥ ഉടമകൾ ഭീതിയുടെയും അധികാരഗർവ്വിന്റെയും ചാട്ടവാറടിയുടെയും നിഴലിൽ പീഡിപ്പിക്കപ്പെട്ടപ്പോൾ സർക്കാർ തീർത്തും ജനവിരുദ്ധമായിപ്പോകും. സ്വാതന്ത്ര്യത്തിന്റെ ആറ് ദശകങ്ങളിൽ ഇന്ത്യൻ അനുഭവം അതായിരുന്നു. കൊളോണിയൽ ഭൂതകാലം സമ്മാനിച്ച ബ്യൂറോക്രസിയുടെ നിർവ്വികാരതയും ഫ്യൂഡൽ ഭൂതകാലത്തിന്റെ ശാപമായ ഭയവും പ്രതികരണ ശേഷിക്കുറവും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. സങ്കീർണ്ണമായ ഈ സാഹചര്യങ്ങളിൽ സർക്കാർ സംവിധാനം ജനോപകാരപ്രദമാക്കുന്നതിനുവേണ്ടിയുള്ള അന്വേഷണത്തിന്റെ ആദ്യ ചുവടാണ് പൗരാവകാശരേഖ.

## എന്താണ് പൗരാവകാശരേഖ ?

നിലവിലുള്ള കോട്ടങ്ങൾ പരിഹരിച്ച് സർക്കാരിന്റെ പ്രവർത്തനങ്ങളിൽ എല്ലാതലങ്ങളിലും മാറ്റം വരുത്തുന്നതിന് ഫലപ്രദമായ ഒരു മാർഗ്ഗം കണ്ടുപിടിക്കുക എന്നതാണ് പൗരാവകാശരേഖയുടെ ഉദ്ദേശം. ഇത് കടലാസിൽ മാത്രമാകാതെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാവുന്നതായിരിക്കണം. സർക്കാർ സംവിധാനത്തേയും പൗരന്മാരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതും ലക്ഷ്യബോധത്തോടെ പ്രാവർത്തികമാക്കാൻ കഴിയുന്നതുമായിരിക്കണം. പൗരന്റെ ആവശ്യങ്ങളറിഞ്ഞ് പ്രവർത്തിക്കുന്ന വർദ്ധിച്ച പൊതുജന പ്രതിബദ്ധതയും സുതാര്യതയും നിലനിർത്തുന്നതിന് പുറമെ മര്യാദയോടെയും ക്ഷമതയോടെയും ഉള്ള പ്രവർത്തനശൈലിയും നടപ്പിലാക്കേണ്ടതുണ്ട്.

പൗരാവകാശരേഖ കൊണ്ട് ഉദ്ദേശിക്കുന്നത് പൗരന്മാർക്ക് കൂടുതൽ അധികാരം നൽകുക എന്നതാണ്. ജനങ്ങൾക്ക് അറിയുന്നതിനും തെരഞ്ഞെടുക്കുന്നതിനുമുള്ള അവകാശത്തിന്റെ അംഗീകാരമാണ് അത്. വളരെ കാലമായി തുടർന്നുവരുന്ന ദാതാവിനുള്ള മേൽക്കൈ ഇനിമേൽ ഉപഭോക്താവിനായിരിക്കട്ടെ, ഇതാണ് പൗരാവകാശപത്രികയിൽ ഊന്നിപറയുന്ന കാര്യം. സർക്കാരിനും ഉപഭോക്താക്കൾ ഉണ്ടെന്നുള്ളത് പലപ്പോഴും വിസ്മരിക്കപ്പെടുന്നു. സർക്കാർ ആർക്കുവേണ്ടി നിലനിൽക്കുന്നുവോ ആരെ സേവിക്കാൻ വേണ്ടി നിലനിൽക്കുന്നുവോ ആ ജനങ്ങളാണ് സർക്കാരിന്റെ ഗുണഭോക്താക്കൾ. ഓരോ പൗരനും തനിക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് നേരിട്ടോ അല്ലാതെയോ നികുതികൾ വഴി പണം നൽകുന്നുണ്ട്. അതുകൊണ്ടുതന്നെ ആവശ്യങ്ങൾക്കനുസരിച്ച് ഉയർന്ന നിലവാരത്തിനുള്ള

സേവനം ലഭിക്കുന്നതിന് അവന് അവകാശമുണ്ട്. ഇതാകട്ടെ ഓരോ സേവനത്തിനും അനുസരണമായ ചെലവിലും ക്ഷമതയോടും കൂടിയതു ആകുകയും വേണം. സ്റ്റേറ്റ് നിയമങ്ങൾ നടപ്പിലാക്കുകയും നികുതി പിരിക്കുകയു നീതി നടപ്പിലാക്കുകയും ചെയ്യുന്നിടങ്ങളിലെല്ലാം ഇത്തരം കാര്യങ്ങളും മാന്യമായ നിർവ്വഹിക്കേണ്ടതുണ്ട്.

ഇക്കാരണത്താൽ സർക്കാരിന്റെ പ്രവർത്തന ശൈലിയിൽ സമൂലമായ ഒരു മാറ്റം ഉണ്ടാകേണ്ട സമയമായിരിക്കുന്നു. മുകളിൽ നിന്ന് താഴേക്ക അടിച്ചേൽപ്പിക്കപ്പെടുന്ന ഉദ്യോഗസ്ഥ മേധാവിത്വ രീതിയിൽ നിന്നും പൗരന്മാർക്കും സമൂഹത്തിനും അധികാരം നൽകുന്നതും എല്ലാതലങ്ങളിലും തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ പങ്കെടുപ്പിച്ചു കൊണ്ടുള്ളതുമായ രീതിയിലേക്ക് മാറേണ്ടിയിരിക്കുന്നു.

വിവിധ വകുപ്പുകളുടേയും സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം വിലയിരുത്തുന്നതിന് സമഗ്രമായ ഒരു പരിപാട് ഉണ്ടായിരിക്കേണ്ടതാണ്. ഇത് പുറമേ നിന്നുള്ള ഒരു എജൻസിയിലൂടെ ആകരുത്. അതാത് സംഘടനകൾക്കും അവയുടെ ഉപഭോക്താക്കളായ പൗരന്മാർക്കും പങ്കാളിത്തമുള്ള ഒരു പദ്ധതിയിലൂടെ ആകാം. നല്ല നിലയിൽ ആവിഷ്കരിക്കപ്പെട്ടതും പ്രഖ്യാപിതവുമായ അടിസ്ഥാന മാനദണ്ഡങ്ങൾ വെച്ചായിരിക്കണം പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടത്. ഏതെങ്കിലും തരത്തിൽ ഉപഭോക്താക്കളുമായി നേരിട്ട് സമ്പർക്കം വേണ്ടിവരുന്ന ഏതൊര സർക്കാർതല സ്ഥാപനവും ഇത്തരം ഒരു മാനദണ്ഡം പുലർത്തിയിരിക്കണം.

പൗരാവകാശരേഖ സേവനമേഖലയെ ഉപഭോക്താക്കളുടെ കണ്ണിലൂടെയാണ് കാണുന്നത്. വിരസവും ഒരേതരത്തിലുള്ളതുമായ ശൈലി എല്ലാ സർവ്വീസ് മേഖലയിലും അടിച്ചേൽപ്പിക്കുന്നതിനുള്ള ഒരു സമവാക്യമല്ല ഇത്. ഓരോ സേവനമേഖലയ്ക്കും ഏറ്റവും യോജിച്ച രീതിയിൽ നിലവാര ഉയർത്തുന്നതിന് ഉതകുന്ന ആശയങ്ങളുടെയും കർമ്മോത്സുകതയുടേയും ഒര കലവറയാണ്. നമ്മുടെ സർക്കാർ സേവന സ്ഥാപനങ്ങൾ, കഴിവ് ഊർജ്ജസ്വലത, ശ്രദ്ധ, പ്രതിബദ്ധത ഇവയുടെ ഒക്കെ ഒര സ്രോതസ്സായിരിക്കണമെന്ന് പൗരാവകാശരേഖ പറയുന്നു. അതുകൊണ്ടുതന്നെ ഇത്തരം ഗുണങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് പൗരന്മാരിൽ വിശ്വാസവു ഉദ്യോഗസ്ഥർക്ക് അഭിമാനവും ഉണ്ടാകാവുന്നതരത്തിൽ സേവന ലഭ്യമാക്കുകയാണ് പൗരാവകാശരേഖയുടെ ലക്ഷ്യം. പൗരാവകാശരേഖയുടെ ഒര ബ്ലൂപ്രിന്റ് തയ്യാറാക്കുമ്പോൾ മേന്മ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശ നിലവാരം, മൂല്യം, വിശ്വാസ്യത, സുതാര്യത എന്നിവയ്ക്കാണ് ഊന്നൽ നൽകേണ്ടത്.

**വ്യക്തതയും സുതാര്യതയും**

പൊതുജന സേവന സ്ഥാപനങ്ങൾ എങ്ങിനെ നടത്തപ്പെടുന്നു എന്നതിൽ തീരെ രഹസ്യസ്വഭാവം പാടില്ല. ഇത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിയമങ്ങൾ, നടപടിക്രമങ്ങൾ, അതിനുവരുന്ന ചെലവ്, ആരാണ് ഉത്തരവാദപ്പെട്ടവർ, അവർ ഈ നിലവാരങ്ങൾ പാലിക്കുന്നുണ്ടോ, ഇല്ലയോ എന്നിവയെല്ലാം വ്യക്തമായിരിക്കണം. സർക്കാർ സേവന സ്ഥാപനങ്ങളിൽ ഇരിക്കുന്നവർ ബിനാമികളാകരുത്. അവരുടെ സുരക്ഷിതത്വത്തിന് ഭീഷണിയുണ്ടെന്ന് ഉറപ്പുള്ള സന്ദർഭങ്ങളിലൊഴികെ പൊതുജനവുമായി ഇടപെടേണ്ടിവരുന്ന എല്ലാവരും പേരെഴുതിയ ബാഡ്ജുകൾ ധരിക്കണം. എഴുത്തുകളിലും ഫോൺ സംഭാഷണങ്ങളിലും പേരുകൾ വെളിപ്പെടുത്തുകയും വേണം.

**ഇൻഫർമേഷൻ**

ഏതെല്ലാം സേവനങ്ങളാണ് ലഭിക്കുക എന്നതിന്റെ കൃത്യമായ വിവരം ഏവർക്കും മനസ്സിലാകുന്ന ഭാഷയിൽ എപ്പോൾ വേണമെങ്കിലും ലഭിക്കാനുള്ള സൗകര്യമുണ്ടായിരിക്കണം. ലക്ഷ്യങ്ങളോടൊപ്പം പൂർണ്ണമായി ഓഡിറ്റ് ചെയ്യപ്പെട്ടതിന്റെയും വിവരവും പ്രസിദ്ധപ്പെടുത്തണം. കഴിയാവുന്നിടത്തോളം വിവരങ്ങൾ താരതമ്യം ചെയ്യാൻ പറ്റുന്ന രൂപത്തിലായാൽ ഏറ്റവും നല്ലത് നേടാൻ സാധിക്കും.

**തിരഞ്ഞെടുപ്പ്**

കഴിയാവുന്നിടത്തെല്ലാം ഇഷ്ടമുള്ളത് തിരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം. ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സേവനങ്ങളെപ്പറ്റി അവർക്കുള്ള അഭിപ്രായങ്ങൾ കൃത്യമായും നിരന്തരമായും ആരായണം. എങ്കിലേ ഏതുതരം സേവനമാണ് നൽകേണ്ടതെന്ന് തീരുമാനിക്കാൻ കഴിയു.

**വിവേചനമില്ലായ്മ**

ജാതി-വർഗ്ഗ-ലിംഗ വിവേചനമില്ലാതെ സേവനം ലഭ്യമായിരിക്കണം. ആവശ്യമുള്ളിടത്ത് വ്യത്യസ്ത ഭാഷകളിൽ വിവരങ്ങൾ ലഭ്യമാക്കണം.

**പ്രാപ്യത**

ജീവനക്കാരുടെ സൗകര്യത്തിനനുസരിച്ചല്ല, ഉപഭോക്താവിന്റെ ആവശ്യത്തിനനുസരിച്ചാവണം സർക്കാർ സേവന സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്. അതായത് തുറന്ന് പ്രവർത്തിക്കുന്ന സമയത്തിൽ ആവശ്യാനുസരണം സേവനം ലഭ്യമാക്കുകയും പെട്ടെന്ന് സഹായം ആവശ്യമുള്ളപ്പോൾ ബന്ധപ്പെടുന്നതിന് ഫോൺ നമ്പറുകളും ഉണ്ടായിരിക്കണം.

വിശ്വസ്തത

നിലവിലുള്ള വ്യവസ്ഥയിൽ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ പ്രവർത്തനത്തിൽ ഉണ്ടാകുന്ന വീഴ്ചയുടെ ഉത്തരവാദിത്തം കൃത്യമായ നിശ്ചയിക്കപ്പെടുന്നില്ല. പാളിച്ചകൾക്ക് അനുയോജ്യമായ ശിക്ഷയു നൽകപ്പെടുന്നില്ല- ഇതാണ് പൊതുവായ ധാരണ. ജനങ്ങൾ നൽകുന പരാതികൾ തീരെ അശ്രദ്ധമായി കൈകാര്യം ചെയ്യപ്പെടുന്നതിറെ പ്രധാനകാരണം ഇതാണ്. അതുകൊണ്ട് പരാതികളിന്മേര നടപടിയുണ്ടാകുമെന്നും പാളിച്ചകൾക്ക് ഉത്തരവാദിത്തം നിശ്ചയിക്കപ്പെടുമെന്നു എടുത്ത തീരുമാനങ്ങൾ അറിയിക്കുമെന്നും എല്ലാം പ്രതീക്ഷിക്കാൻ പൗരന്മാർക്ക അവകാശമായിരിക്കണം. എങ്കിൽ മാത്രമേ ഗവൺമെന്റ് തല സംവിധാനത്തിന വിശ്വാസ്തതയും സുതാര്യതയും ഉണ്ടാകൂ.

പാളിച്ചകൾ വരികയാണെങ്കിൽ

ഏറ്റവും കുറഞ്ഞത് ഒരു വിശദീകരണമോ, ക്ഷമാപണമോ ലഭിക്കുന്നതിന പൗരന് അവകാശമുണ്ട്. ട്രെയിൻ വൈകിയതെന്തുകൊണ്ട് അല്ലെങ്കിര ഡോക്ടർക്ക് പറഞ്ഞ സമയത്ത് രോഗിയെ കാണാൻ കഴിയാതിരുന്നര എന്തുകൊണ്ട് എന്ന് അയാളോട് പറയുകതന്നെ വേണം. പരാതിക പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങളെപ്പറ്റി ഉള്ള വിവരങ്ങൾ എപ്പോ വേണമെങ്കിലും ലഭ്യമാക്കണം. ഗൗരവമായ ഒരു പ്രശ്നമുണ്ടെങ്കിൽ അത് പരിഹ രിക്കണം. തെറ്റുകൾ ആവർത്തിക്കപ്പെടാതിരിക്കാൻ അതിൽനിന്ന് പാഠങ്ങ പഠിക്കുകയും വേണം. ഇപ്പോൾ സംഭവിക്കുന്നതുപോലെ പരാതിയു പരിഹാരത്തിനായി ഓഫീസുകൾ തോറും നടക്കേണ്ട ഗതികേട് ഇല്ലാതാക്കണം തന്റെ പ്രശ്നത്തിന് തൃപ്തികരമായ ഒരു ഉത്തരം അല്ലെങ്കിൽ പരിഹാരമാർഗ്ഗ നൽകാൻ കഴിയുന്ന വ്യക്തിയോട് പ്രശ്നങ്ങൾ അവതരിപ്പിക്കാൻ പൗര കഴിയണം. മറുപടികൾ ലഭിക്കുന്നതിന് അനന്തമായ താമസം, ഒരു മറുപടിയു ലഭിക്കാത്ത അവസ്ഥ ഇവ മാറണം. അങ്ങനെ സംഭവിച്ചാൽ നഷ്ടപരിഹാര ലഭിക്കാൻ പൗരന് അവകാശമുണ്ടായിരിക്കണം.

പൗരാവകാശരേഖയിലെ സേവനങ്ങൾ ആര് നൽകും

വിവിധ തലങ്ങളിലുള്ള എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളും അവരുടെ നിലവാരം നിശ്ചയിക്കുകയും നടപ്പാക്കുകയും വേണം. കേന്ദ്രസർക്കാ സംസ്ഥാന സർക്കാർ, ജില്ലാ ഭരണകൂടം, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുക എന്നിവയും ജനങ്ങൾക്ക് പലതരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന സ്ഥാപനങ്ങളും ഇതിൽപ്പെടും. ഉപഭോക്താക്കളുമായി ചർച്ച ചെയ്ത് അവരുടെ സൗകര്യത്തിനനുസരിച്ച് സേവനങ്ങൾ ലഭ്യമാക്കാവുന്ന സമയപരി നിശ്ചയിക്കപ്പെടണം. ഇത് ഏവർക്കും കാണാൻ കഴിയുംവി പ്രസിദ്ധപ്പെടുത്തുകയും പ്രദർശിപ്പിക്കുകയും വേണം. പ്രാദേശിക ...

നൽകാനുള്ള സംവിധാനവും ഉണ്ടായിരിക്കണം. ഇങ്ങനെ പ്രദർശിപ്പിക്കപ്പെടുന്ന നിലവാരങ്ങൾ ആത്മാർത്ഥതയോടെ പിന്തുടരുന്നു എന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്തവും ബാദ്ധ്യതയും ഉണ്ടായിരിക്കണം. ഒരിക്കൽ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ ഇടക്കിടെ വിലയിരുത്തി മെച്ചപ്പെടുത്തണം. നടപടിക്രമങ്ങൾ കൂടുതൽ ലളിതമാക്കുകയും വേണം.

സാധുവായ വിശദീകരണമോ, ന്യായമോ ഇല്ലാതെ സേവന മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുകയാണെങ്കിൽ പരാതി പരിഹാരത്തിന് കൃത്യമായ നടപടി ക്രമങ്ങൾ ഉണ്ടായിരിക്കണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ എളുപ്പത്തിൽ കാണുന്നതിന് കഴിയണം. പരാതികൾക്ക് മറുപടി ലഭിക്കുന്നതിന് സമയനിബന്ധനയും ഉണ്ടായിരിക്കണം. വിവരങ്ങൾ ആവശ്യമുള്ളപ്പോൾ എളുപ്പത്തിലും സുതാര്യമായും ലഭിക്കണം. ഇന്ന വിവരത്തിന് ഇന്നയാളെ സമീപിക്കണമെന്ന് വ്യക്തമായിരിക്കണം. കഴിയാവുന്നതും കൗണ്ടറിൽ നിന്ന് കൗണ്ടറിലേക്ക് ഉപഭോക്താക്കളെ തള്ളിവിടാതെ ഒരു ഏകജാലക സംവിധാനം ഉണ്ടാകുന്നത് നല്ലതാണ്.

ഒരു സാധാരണ പൗരന് പൗരാവകാശരേഖ കൊണ്ട് ലഭിക്കാവുന്ന ഏറ്റവും വലിയ പ്രയോജനം 'കൗണ്ടറിന് പുറകിലെ ആൾ' തനിക്ക് പറയാനുള്ളത് കേൾക്കുമെന്ന വിശ്വാസമാണ്. ഇന്ന് ഇതില്ല എന്നത് ദുഃഖകരമായ സത്യമാണ്. മിനിമം നിലവാരം എങ്കിലും പുലർത്തുന്നതും വ്യവസ്ഥ ചെയ്യപ്പെട്ടതും മാന്യമായതും സമർത്ഥവുമായ സേവനം ഒരു പൗരൻ എന്ന നിലയ്ക്ക് തനിക്ക് പ്രതീക്ഷിക്കാമെന്നും ആവശ്യപ്പെടാമെന്നും ഉള്ള അറിവ് അയാൾക്കുണ്ടാകും. കാര്യങ്ങൾ ശരിയായ രീതിയിൽ നടക്കുന്നില്ലെങ്കിൽ പരാതികളുടെ പരിഹാരത്തിനായി എന്തുചെയ്യണം, ആരെ സമീപിക്കണം എന്നെല്ലാം അയാൾക്ക് അറിയാൻ കഴിയും.

പ്രധാനമായ മറ്റൊരു കാര്യം ആലസ്യം, നിഷ്ക്രിയത്വം, ഭയം എന്നിവയിൽ നിന്ന് മോചനം നേടുന്നതിനും കാര്യക്ഷമമല്ലാത്തതും, കുത്തഴിഞ്ഞതും, അഴിമതി നിറഞ്ഞതുമായ ഭരണ സംവിധാനത്തിനെതിരെ ശബ്ദമുയർത്തുന്നതിനും അവഗണിക്കാനാകാത്ത ഒരു ശക്തിയായി വളരുന്നതിനും പൗരന് കഴിയും എന്നതാണ്. എല്ലാത്തിനും ഉപരിയായി ഒടുവിലിതാ ശരിക്കും ജനങ്ങൾക്കുവേണ്ടിയുള്ള ഭരണകൂടം എന്ന് അഭിമാനം കൊള്ളുന്നതിന് അവന് സാധിക്കും.

ഓരോന്നും നടപ്പിൽ വരുത്തുമ്പോൾ ആവശ്യമായ നിലവാരങ്ങളും നടപടി ക്രമങ്ങളും ബന്ധപ്പെട്ട അധികാരികൾ വ്യക്തമായി കാണിച്ചിരിക്കണം. നടത്തിപ്പിന് പ്രയാസം നേരിടുമ്പോഴോ പരാതികൾ പരിഹരിക്കണമെങ്കിലോ ആരെ സമീപിക്കണമെന്ന വ്യക്തമായ നിർദ്ദേശമുണ്ടായിരിക്കണം. ഓരോ വിഭാഗത്തിനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആരെന്ന് വെളിപ്പെടുത്തുകയും ഓരോരുത്തരും പേരെഴുതി ബാഡ്ജുകൾ ധരിക്കുകയും വേണം. പരാതി പരിഹരിക്കുന്നതിന് താമസം നേരിടുമ്പോൾ സമീപിക്കേണ്ട ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപേര്, കാണാൻ കഴിയുന്ന സമയം ഇവയും കൃത്യമായി പ്രസിദ്ധീകരിക്കണം. എല്ലാറ്റിനും ഉപരി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും പെരുമാറ്റത്തിൽ മാതൃക പുലർത്തുകയും ജനങ്ങളുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകുകയും വേണം. ഇത്തരം വ്യക്തമായ സേവന നിലവാരങ്ങളുടെ സംഹിത അടങ്ങുന്ന പൗരാവകാശരേഖ ഗവൺമെന്റിന്റെ എല്ലാ തലങ്ങളിലുമുള്ള സ്ഥാപനങ്ങൾക്ക് ഉണ്ടാക്കാവുന്നതും വിതരണം ചെയ്യാവുന്നതുമാണ്.

************************************

## ചരിത്രം

### സാമൂഹ്യ സാംസ്കാരിക ചരിത്രം

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ തദ്ദേശവാസികൾ പല നാട്ടുകളിൽ നിന്നും കുടിയേറി പാർത്തവരായതിനാൽ സമ്മിശ്രമായൊരു സംസ്കാരമാണ് ഈ ബ്ലോക്കിനുള്ളത്. ഈ ബ്ലോക്കിലുൾപ്പെടുന്ന പ്രദേശങ്ങളിലാകെ അനുഭവപ്പെടുന്ന മിതശീതോഷ്ണ കാലാവസ്ഥയും അതിമനോഹരമായ ഭൂപ്രകൃതിയും സ്വദേശികളും വിദേശികളുമായ സഞ്ചാരികളെ ഒരുപോലെ ആകർഷിക്കുന്നു. ആദിവാസികളുടെ സാംസ്കാരിക പൈതൃകം കൊണ്ടനുഗ്രഹീതമാണ് ബ്ലോക്കിലെ കഞ്ഞിക്കുഴി പഞ്ചായത്ത്. കൊടും കാടുകളിൽ ആനകൾ നടന്നുപോയുണ്ടായ ആനത്താരകളിലൂടെ ഇവിടേക്ക് ആദ്യകാലകുടിയേറ്റക്കാർ കടന്നുവന്നു. കാലാന്തരത്തിൽ ആ മാർഗ്ഗം ഇന്നു കാണുന്ന റോഡുകളായി വികസിച്ചു. പുറംലോകം ഈ പ്രദേശത്തെക്കുറിച്ചറിഞ്ഞു തുടങ്ങിയത് ചുരുളി-കീരിത്തോടിന്റെ ചരിത്രത്തിലൂടെയാണ്.

ഇടുക്കി കഞ്ഞിക്കുഴി പഞ്ചായത്തിന്റെ ചരിത്രത്തിലെ തിളങ്ങുന്ന അദ്ധ്യായമാണ് ചുരുളി-കീരിത്തോട്ട സംഭവം. മലയോര കർഷകന് തന്റെ വിയർപ്പുവീണു കുതിർന്ന മണ്ണ് സ്വന്തം കാൽക്കീഴിൽ നിന്നു വഴുതിപ്പോവാതിരിക്കാൻ ജീവൻ പോലും ബലിയർപ്പിച്ചു നടത്തിയ ധീരമായ ചെറുത്തു നിൽപ്പിന്റെ കഥയാണ് ചുരുളി കീരിത്തോടിനു പറയാനുള്ളത്. 1958-ൽ ചെങ്കുളം-പള്ളം 110 കെ.വി ലൈനിന്റെ പണികളുമായി ബന്ധപ്പെട്ട് കീരിത്തോട് ചുരുളി മേഖലകളിലെത്തിയ ജനങ്ങൾ ഇവിടേക്കുള്ള വ്യാപകമായ കുടിയേറ്റത്തിനു വഴിതെളിച്ചു. തുടർന്ന് ഈ പ്രദേശങ്ങളിൽ താമസിച്ച് കൃഷി ആരംഭിച്ച ജനങ്ങളെ 1961- ൽ കുടിയിറക്കിയെങ്കിലും ഇത് കത്തിപ്പാറ, തള്ളക്കാനം, ആൽപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ കൂടി ജനവാസം വ്യാപകമാക്കുവാൻ സഹായിക്കുകയാണുണ്ടായത്. തുടർന്ന് 1964 ഫെബ്രുവരി 26 തീയതി ഈ പ്രദേശങ്ങളിൽ ഔദ്യോഗികമായി കുടിയിറക്കാരംഭിച്ചു. കത്തിപ്പാറത്തടം, കീരിത്തോട്, പഴയരിക്കണ്ടം എന്നിവിടങ്ങളിൽ പോലീസ് ക്യാമ്പുകൾ തുടങ്ങുകയും ഇവ കേന്ദ്രീകരിച്ച് കുടിയിറക്കാരംഭിക്കുകയാണുണ്ടായത്. ഇതിനോടനുബന്ധിച്ചുണ്ടായ പ്രക്ഷോഭമാണ് ചുരുളി-കീരിത്തോട്ട സംഭവം. കർഷകരെ ഇറക്കിവിട്ട ഭൂമിയിൽ തന്നെ പുനരധിവസിപ്പിക്കാനുള്ള സമര നേതാക്കളുടെയും ജനങ്ങളുടെയും ആഗ്രഹം സഫലീകരിക്കുവാൻ പിന്നെയും വർഷങ്ങൾ വേണ്ടി വന്നു. 1967 ൽ അധികാരത്തിൽ വന്ന മന്ത്രിസഭയാണ് ആ കൃത്യം നിർവ്വഹിച്ചത്. വിവിധ സമുദായങ്ങളിൽപ്പെട്ട അഞ്ചു കുടുംബങ്ങളെ കുടിയിരുത്തികൊണ്ട് ആ ജോലി ആരംഭിച്ചു. ആ സ്ഥലമാണ് ഇന്നത്തെ അഞ്ചുകുടി.

രണ്ടാം ലോക മഹായുദ്ധത്തെത്തുടർന്നുണ്ടായ ഭക്ഷ്യക്ഷാമം പരിഹരിക്കുവാൻ 'ഗ്രോ മോർഫുഡ്' പദ്ധതി പ്രകാരം സി.പി.രാമസ്വാമി

അയ്യരുടെ കാലത്ത് ഇന്നത്തെ പഞ്ചായത്തുപ്രദേശത്തുൾപ്പെടുന്ന മക്കുവള്ളി മനയത്തടം, കൈതപ്പാറ എന്നിവിടങ്ങളിൽ താമസമുറപ്പിച്ച് കൃഷി ആരംഭിച്ചവരാണ് പഞ്ചായത്തിലെ ആദ്യത്തെ അധികൃത താമസക്കാർ തൊടുപുഴയിൽ നിന്നും ഉടുമ്പന്നൂർ വഴിയായിരുന്നു ജനങ്ങൾ ഇവിടേക്ക് എത്തിച്ചേർന്നിരുന്നത്. വനത്തിനു നടുവിൽ കാടു വെട്ടിത്തെളിച്ച് കൃഷി ആരംഭി ഇവർ ഇന്നും ഒറ്റപ്പെട്ട ജീവിതം നയിച്ചുവരുന്നു. ഇതിനും വളരെ മുമ്പ് രാജഭരണ കാലം മുതൽ തന്നെ പഞ്ചായത്തിനോടു ചേർന്നു കിടക്കുന്ന പട്ടയക്കുടിയിലും മ ആദിവാസി വിഭാഗത്തിൽപ്പെട്ടവർ താമസിച്ചു വന്നിരുന്നു. ചുരുളി-കീരിത്തോ കുടിയേറ്റത്തിനു വളരെ മുമ്പ് മുതൽ പഴയരിക്കണ്ടത്ത് ജനവാസ ആരംഭിച്ചിരുന്നു. ആദിവാസികൾക്ക് പതിച്ചുകൊടുത്തിരുന്ന പ്രദേശത്തോ ചേർന്ന് ഇതര വിഭാഗക്കാരും താമസമാരംഭിച്ചു. ചുരുളി കീരിത്തോടിനോടൊപ്പം ഇവിടേയും കുടിയിറക്കു നടന്നിരുന്നു. ഇതിനുമൊക്കെ ശേഷമാണ് ഇന്നത്തെ പഞ്ചായത്താസ്ഥാനം സ്ഥിതി ചെയ്യുന്ന കഞ്ഞിക്കുഴി പ്രദേശത്ത് ജനവാസ ആരംഭിച്ചത്. കഞ്ഞിക്കുഴിയുടെ സമീപത്ത് ഇടുക്കി പദ്ധതിക്കു വേണ്ടി അയ്യപ്പ കോവിൽ, ഇരട്ടയാർ, വൈരമണി, വേങ്ങാനം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നു കുടിയിറക്കിയവരെ പട്ടയത്തോടുകൂടി ഭൂമി പതിച്ചുനല്കി കുടിയിരുത്തിയതോടു കൂ സമീപസ്ഥലങ്ങളിലെ കുടിയേറ്റം പൂർണ്ണമാവുകയും ജനജീവിത സജീവമാക്കുകയുമാണുണ്ടായത്. വാത്തിക്കുടി വൈവിധ്യസംസ്കാരത്തിന്റെ സങ്കലനഭൂമിയാണ്. ഇവിടത്തെ ഭൂരിഭാഗം ആളുകളും മീനച്ചിലാർ, തൊടുപു കോതമംഗലം, കാഞ്ഞിരപ്പള്ളി താലൂക്കുകളിൽ നിന്നും 1950-60 കാലഘട്ടത്തിൽ കുടിയേറിയ കർഷകരാണ്.

ജാതിക്കും മതത്തിനും വർഗ്ഗത്തിനും അപ്പുറമായി വിശപ്പിന്റെ വിളിയിൽ ഒരുമിച്ചു നിന്ന് നിലനില്പിനായി പോരാടിയ ഒരു ജനതയാ വാത്തിക്കുടിയിലുള്ളത്. ഗോത്രസംസ്കാരത്തിൽ മികച്ച പൈതൃകം അവകാശപ്പെടാവുന്ന പ്രദേശങ്ങളിലൊന്നാണ് വാത്തിക്കുടി. ഹിന്ദു, ക്രിസ്ത്യ മുസ്ളീം വിഭാഗങ്ങൾ ഇടകലർന്നു ജീവിക്കുന്ന ഒരു പ്രദേശമാണ് ഇത്. 19 മുതലുള്ള കാലഘട്ടങ്ങളിൽ കണയന്നൂർ, മീനച്ചിൽ, കാഞ്ഞിരപ്പള്ളി കോതമംഗലം, തൊടുപുഴ തുടങ്ങിയ താലൂക്കുകളിൽ പ്രതിസന്ധികളോട് പടവെ പട്ടുത്തുർത്തിയ ഇന്നലെകളാണ് ഈ നാടിന്റെ ചരിത്രം. ആദിവാസികളാ 'മന്നാന്മാര് ' ധാരാളമായി അധിവസിച്ചിരുന്ന പ്രദേശങ്ങളാണ് വാത്തിക്കു മുരിക്കാശ്ശേരി, പടമുഖം, പതിനാറാംകണ്ടം, കിളിയാർകണ്ടം തുടങ്ങി സ്ഥലങ്ങൾ. ശ്രദ്ധേയമായ ഒരു സാംസ്കാരിക ജീവിതം നയിച്ചു വന്നവരായിരു അവർ. വനവിഭവങ്ങൾ ശേഖരിച്ചും കാട്ടുതേനും, കായ്കനികളും ഭക്ഷി പ്രകൃതിയോടിണങ്ങി ജീവിച്ച അവർ പ്രാചീന സംസ്കൃതിയിലൂടെ ആർജ്ജിച്ചെടുത്ത തനത് കലാരൂപങ്ങളുടെ പ്രാണേതാക്കളായിരുന്നു. ദേവീ-ദേവന്മാ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി വർഷത്തിലൊരിക്കൽ നടത്തുന്ന ഉത്സവങ്ങളോ വിവാഹ ആഘോഷങ്ങളോടും മറ്റ് പ്രധാന ചടങ്ങുകളോടും അനുബന്ധി നടത്തിയിരുന്ന കൂത്ത് മന്നാന്മാരുടെ തനതുകലയാണ്. മുങ്ങാപ്പാറ നേർച്ചപ തുടങ്ങിയ സ്ഥലങ്ങളിൽ അവരുടെ ക്ഷേത്രങ്ങൾ കാണാം. ഈറ്റ കൊ നിർമ്മിച്ച മനോഹരമായ കുടിലുകളിലാണ് ഇവർ പാർത്തിരുന്നത് കാട്ടാനയും

ശല്യം ഉള്ളപ്പോൾ ഏറുമാടങ്ങളിലും അവർ താമസിച്ചിരുന്നു. നിലമൊരുക്കി നെല്ല്, കുറുംപുല്ല്, തിന എന്നിവ അവർ കൃഷി ചെയ്യുകയും ഓരോ പ്രാവശ്യവും കൃഷിസ്ഥലങ്ങളാക്കി മാറ്റുകയും ചെയ്തിരുന്നു. കോഴിമലയിലെ രാജ മന്നാന്റെ പ്രജകളായ ഇവർ ഓരോ പ്രദേശത്തും കാണിക്കാരൻ എന്ന നേതാവിന്റെ നിയന്ത്രണത്തിലായിരുന്നു. 1960 ന് ശേഷം ഉള്ളാടൻ വർഗ്ഗത്തിൽപ്പെട്ട ആദിവാസികൾ വിവിധ പ്രദേശങ്ങളിൽ നിന്നും ഈ പ്രദേശത്ത് എത്തുകയും ജനങ്ങളോടിടകലർന്ന് ജീവിതം നയിക്കുകയും സാമൂഹികമായും വിദ്യാഭ്യാസപരമായും പുരോഗതി നേടുകയും ചെയ്തു. ആദിവാസികളായ മന്നാന്മാർക്ക് മുൻപ് ഈ പ്രദേശത്ത് ജനവാസമുണ്ടായിരുന്നതിന്റെ തെളിവുകൾ തോപ്രാൻകുടി, പ്രകാശ്, കള്ളിപ്പാറ, മുരിക്കാശ്ശേരി തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് ലഭിച്ച വർഷങ്ങൾ പഴക്കമുള്ള മൺകുടങ്ങൾ, നന്നങ്ങാടി മുതലായവയിൽ നിന്നും പതിനാറാംകണ്ടം, കള്ളിപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ കാണുന്ന മുനിയറകളിൽ നിന്നും മനസ്സിലാക്കാൻ കഴിയും, പടമുഖത്തിന്റെ സ്ഥലനാമവുമായി ബന്ധപ്പെട്ട ഐതീഹ്യത്തിൽ പാണ്ഡ്യരാജാക്കന്മാരും ചേര രാജാക്കന്മാരും തമ്മിൽ യുദ്ധം നടന്നതായും അവർ ഈ പ്രദേശത്ത് തമ്പടിക്കുകയോ താമസിക്കുകയോ ചെയ്തിരുന്നതായും നാട്ടറിവുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നു. മുനിയറകൾ പ്രാചീന കേരളത്തിലെ വീരനായകന്മാരെ സംസ്കരിച്ചിരുന്ന സ്ഥലങ്ങളാണെന്ന് കേരള ചരിത്രം പ്രതിപാദിക്കുന്നു. മലയോരഗ്രാമമായ വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ ആദ്യവിദ്യാഭ്യാസ സ്ഥാപനമായ തോപ്രാംകുടി ട്രൈബൽ എൽ.പി.സ്കൂൾ 1954 ൽ സ്ഥാപിതമായി. 1980 ന് മുമ്പ് ഈ പഞ്ചായത്തിലെ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി അനേക കിലോമീറ്റർ യാത്ര ചെയ്ത് പാറത്തോട് ഹൈസ്കൂളിൽ പോകേണ്ടി വന്നു.

അടർക്കളം എന്ന പദം ലോപിച്ചാണ് അറക്കുളം എന്ന സ്ഥലനാമം ഉണ്ടായതെന്ന് പറയപ്പെടുന്നു. അറക്കുളം ധർമ്മശാസ്താക്ഷേത്ര പരിസരത്ത് നാട്ടുരാജാക്കന്മാർ തമ്മിൽ അടർ (യുദ്ധം) ഉണ്ടായി. അടർ ഉണ്ടായ സ്ഥലം അടർക്കളവും കാലക്രമത്തിൽ ലോപിച്ച് അറക്കുളവുമായി. ആറു വലിയ കുളങ്ങൾ ഉള്ള പ്രദേശം അറക്കുളമായി എന്ന് മറ്റൊരഭിപ്രായം. അറക്കുളം ക്ഷേത്രസമീപത്ത് തന്നെ നാലുകുളം അടുത്തകാലം വരെ ഉണ്ടായിരുന്നു എന്നതിന്റെ അവശിഷ്ടങ്ങള് ഇപ്പോഴും ഉണ്ട്. അതിപുരാതനമായ ഒരു ജനവാസകേന്ദ്രമായിരുന്നു ഇവിടം. ഇപ്പോഴത്തെ അശോകക്കവല തുമ്പന്നൂറ് എന്നറിയപ്പെട്ടിരുന്നു. അശോകക്കവലയിലെ ശിവക്ഷേത്രത്തിന് എതിരെയുള്ള സ്ഥലത്ത് സന്യാസിമാർ തപസ്സ് ചെയ്തിരുന്നതും ശിലാപാളികൾ കൊണ്ടു മറച്ചിരുന്നതുമായ രണ്ടു മുനിയറകളും അവയുടെ മധ്യത്തിൽ ഒരു കുളവും സമീപത്ത് അഞ്ച് ശിലാവിഗ്രഹങ്ങളുമുണ്ടായിരുന്നു. മുനിയറയുടെ അവശിഷ്ടങ്ങൾ ഇപ്പോഴുമുണ്ട്. ശിവക്ഷേത്രത്തിലെ വിഗ്രഹം ഇവിടെ നിന്നും കിട്ടിയതാണ്. ഇപ്രകാരം മുനിയുടെ അറയും കുളവും ഉള്ള പ്രദേശത്തിന് അറക്കുളം എന്ന പേരുണ്ടായി എന്നും പറയപ്പെടുന്നു. പന്തളം രാജാവിന്റെ ആധിപത്യത്തിലും വരുമാനത്തിലും അറക്കുളം പ്രദേശം കൂടി ഉൾപ്പെടുന്നുണ്ട്. പന്തളം രാജാവിന്റെ വേനൽക്കാല വസതി മൂലമറ്റത്തുള്ള ഇന്നത്തെ തേക്കിൻ

കുപ്പ് പ്രദേശത്തുണ്ടായിരുന്നു. തിരുവിതാംകൂറിലേയ്ക്കുള്ള യുദ്ധക്കടം അടയ്ക്കു പന്തളം രാജാവ് അറക്കുളം പ്രദേശങ്ങളും, മലകളും മലഞ്ചരിവു അങ്കച്ചുങ്കങ്ങളും (ആദായങ്ങളും), പൊലിക്കടങ്ങളും (സംഭാവനക ശബരിമലയിലെ നടവരവും ഉൾപ്പെടെ നാരായണൻ കാളിയൻ എന്ന നാ പ്രഭുവിന് രണ്ടു ലക്ഷത്തി ഇരുപതിനായിരത്തിയൊന്ന് പണ പണയപ്പെടുത്തി. ഈ രേഖ പന്തളം അടിമാന ഓലക്കരണം എന്നറിയപ്പെടു കരം തിരിച്ചടയ്ക്കാൻ കഴിയാതെ വന്നപ്പോൾ പ്രസ്തുത പ്രദേശങ്ങ വേലുത്തമ്പിയുടെ കാലത്ത് തിരുവിതാംകൂറിനോട് ചേർത്തു. പത്താം നൂറ്റാ തൊടുപുഴ ആസ്ഥാനമാക്കിയുള്ള കീഴ്മലൈനാടിന്റെ ഭാഗമായിരുന്നു അറക് പ്രദേശം. എന്നാൽ പതിനാറാം നൂറ്റാണ്ടിൽ ഈ രാജ്യം വടക്കുംകൂറിൽ ലയ പതിനേഴാം ശതകത്തിൽ വടക്കുംകൂർ രാജ്യം മാർത്താണ്ഡവ തിരുവിതാംകൂറിൽ ലയിപ്പിച്ചതോടെ ഈ പ്രദേശക്കാർ തിരുവിതാം മഹാരാജ്യത്തിലെ പ്രജകളായി. ശബരിമല ശ്രീധർമ്മശാസ്താവിന്റെ പതി മലകളിൽ അറക്കുളം സമതലത്തിന്റെ ചുറ്റിലുമായി കിടക്കുന്ന മലകൾ ഉൾപ്പെടും. പതിനെട്ടു പടികൾ പതിനെട്ടു മലകളെ പ്രതിനിധീകരിക്കുന്നു. ഏതാ ഇരുനൂറോളം വർഷങ്ങൾക്ക് മുമ്പ് ഇവിടെ വസിച്ചിരുന്നവർ ഗ്രാ വർഗ്ഗത്തിൽപ്പെട്ട (പട്ടികവർഗ്ഗവിഭാഗം) അരചന്മാർ എന്നറിയപ്പെട്ടി അരയന്മാർ ആയിരുന്നു എന്ന് ഐതിഹ്യം ഉണ്ട്, മലഅരചൻമാർ എ പദത്തിൽ നിന്നും മലഅരയൻമാരായി എന്നും അനുമാനിക്കാം. ഇവർ പൂ കോളപ്രം, കരിപ്പിലങ്ങാട്, ഏടാട്, പൂത്തോട്, കൂവപ്പള്ളി, പന്തപ്ലാവ് മുത മലഞ്ചരിവുകളിൽ പാർത്തിരുന്നു. ചില ആദിവാസികൾ ഏറുമാടങ്ങ കഴിഞ്ഞിരുന്നു. തൊട്ടു പിന്നാലെ വന്ന നായന്മാരും മറ്റും കാട്ടാനകളെ ഭ കുന്നിൻപുറങ്ങളിലാണ് താമസിച്ചിരുന്നത്.

1848 കാലഘട്ടത്തിൽ ഹെന്റി ബേക്കർ സായ്പ് എന്നറിയപ്പെ സി.എം.എസ് സഭയിലെ ഒരു മിഷിനറി ഇവിടെ പള്ളിയും അനുബന്ധ പള്ളിക്കൂടവും സ്ഥാപിച്ച് മതപ്രചരണം നടത്തുകയും പകുതിയോളം മലയ ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു. എ.ഡി. 1910 വരെ ക്ഷേ സംസ്കാരവുമായി ബന്ധപ്പെട്ട ആരാധനാലയങ്ങൾ മാത്രമേ ഇ ഉണ്ടായിരുന്നുള്ളൂ. 1920-ൽ പുത്തൻകുരിശുകാരനായിരുന്ന ഭക്താനന്ദൻ സന്യാസി മൂലമറ്റത്ത് തപസ്സ് ചെയ്യുകയും അദ്ദേഹത്തിന്റെ പേരോ ബന്ധപ്പെടുത്തി ഇന്നത്തെ ഭക്താനന്ദാശ്രമം ഉണ്ടാവുകയും ചെയ്തു. ആയ ശ്രീധർമ്മാക്ഷേത്രത്തിന് (മൂലക്ഷേത്രത്തിന്) രണ്ടായിരത്തിൽപ്പരം വർഷ പഴക്കമുണ്ട്. ഇന്നു കാണുന്ന രീതിയിൽ ക്ഷേത്രം പൊളിച്ചു പണിതത് 19 (കൊല്ലവർഷം 1110) ആണ്. അറക്കുളത്തുനിന്നും ശബരിമലയിലേക്ക് കാ ദൂരത്തില് എത്താവുന്ന ഒരു മൂന്നടിപ്പാത ഉണ്ടായിരുന്നു. ശബരിമല ഉ അവസാനിക്കുമ്പോൾ അവിടെ നിന്നും കൊടിയും മണിയും കൊണ്ട് വ ധർമ്മശാസ്താ ക്ഷേത്രത്തിൽ ഇപ്പോഴും ഉത്സവത്തിന് കൊടി കയറുന്നത് കാലഘട്ടത്തിൽ കോട്ടയം ജില്ലയിൽപെട്ട മീനച്ചിൽ, ചങ്ങനാ താലൂക്കുകളിൽ നിന്നും എറണാകുളം ജില്ലയിൽപെട്ട തൊടുപുഴ, മൂവാ താലൂക്കുകളിൽ നിന്നും ജീവിതവർഗ്ഗംതേടി ഭൂരഹിതരായ കർഷകർ

കാമാക്ഷി പ്രദേശത്ത് കുടിയേറിയതോടുകൂടി ഈ പഞ്ചായത്തിന്റെ ചരിത്രം ആരംഭിക്കുന്നു.

ഗിരിവർഗ്ഗത്തിൽപ്പെട്ട മന്നാൻ വിഭാഗക്കാരായ ആളുകളിൽ നിന്നും മനസ്സിലാക്കിയ സ്ഥലനാമങ്ങളായ കാമാക്ഷി, പാണ്ടിപ്പാറ, നീലിവയൽ, പ്രകാശ്, കരിക്കുംമേട്, കരിക്കുംതോളം, നായരുപാറ, ചട്ടിക്കുഴി, നെല്ലിപ്പാറ, കല്യാണത്തണ്ട്, കപ്പച്ചാംപടി, ആനക്കുഴി എന്നീ സ്ഥലങ്ങൾ ഉൾപ്പെടുന്ന പ്രദേശമാണ് കാമാക്ഷി പഞ്ചായത്ത്. വിലപിടിപ്പുള്ള തടികളും ആനക്കൊമ്പ് തുടങ്ങിയ വനസമ്പത്തുക്കളും കടത്തിക്കൊണ്ടു പോകുന്നതിനു വേണ്ടി ആങ്കർ റാവുത്തറുടെ ആളുകൾ വെട്ടിയ പോത്തുവണ്ടികൾക്കു മാത്രം സഞ്ചരിക്കാവുന്ന റോഡുകളും ആനത്താരകളും ആയിരുന്നു ആദ്യകാല യാത്രാ സൗകര്യം. കാമാക്ഷി, വാത്തിക്കുടി പഞ്ചായത്തുകളിലെ മലമുകളിലൂടെ ഉള്ള റോഡുകൾ കാലക്രമേണ വികാസം പ്രാപിച്ചതാണ്. അയ്യപ്പൻ കോവിൽ വഴിയും ഉടുമ്പന്നൂർ, വാഴത്തോപ്പ് വഴിയും, ചുമടുകളും കൈക്കുഞ്ഞുങ്ങളുമായും ദിവസങ്ങളോളം ഘോരവനത്തിൽ കൂടി യാത്ര ചെയ്ത് എത്തിയ കർഷകർക്ക് കാട്ടുമൃഗങ്ങളുടെ ഉപദ്രവത്തിൽ നിന്നും രക്ഷ നേടാൻ വലിയ മരങ്ങളുടേയും ഇല്ലിക്കൂട്ടങ്ങളുടെയും മുകളിൽ ഏറുമാടം കെട്ടി പാർക്കേണ്ടി വന്നിട്ടുണ്ട്. ഈ ഏറുമാടങ്ങളിൽ താമസിച്ചുകൊണ്ട് ഇല്ലിക്കാനം, ഈറ്റക്കാനം, പുല്ലുമേട്ടുകൾ എന്നിവ വെട്ടിത്തെളിച്ച് ആദ്യമായി നെല്ലും കപ്പയും കൃഷി ചെയ്തു. കൃഷിഭൂമിയിൽ പണിയുവാൻ കൂലിക്ക് ആളെ വയ്ക്കുവാൻ കഴിവില്ലാത്ത കർഷകർ മറ്റാൾ പണി സമ്പ്രദായം കൊണ്ട് കൃഷി ചെയ്തു. 1976- ൽ അന്നത്തെ പ്രധാനമന്ത്രി ഇടുക്കി പദ്ധതി രാഷ്ട്രത്തിന്റെ സമർപ്പിക്കുകയുണ്ടായി. ഏഷ്യയിലെ തന്നെ രണ്ടാമത്തെ ആർച്ച് ഡാം സ്ഥിതിചെയ്യുന്നത് ഈ പഞ്ചായത്തിലാണ്. ശരാശരി 3000 അടി ഉയരമുള്ള മലകൾ, കുന്നുകൾ, കുത്തനെയുള്ള ചരിവുകൾ, താഴ്വരകൾ എന്നിവ ഇടകലർന്ന പഞ്ചായത്താണ് വാഴത്തോപ്പ്. വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ ചരിത്രം ഇവിടുത്തെ ആദിവാസികളായ ഗിരിവർഗ്ഗക്കാരുടെ ചരിത്രത്തിൽ നിന്നും തുടങ്ങുന്നു. മന്നാന്മാരാണ് ആദിവാസി വിഭാഗങ്ങളിൽ മുഖ്യർ. നൂറ്റാണ്ടുകൾക്കു മുമ്പ് തമിഴ് നാട്ടിലെ മഹേന്ദ്രഗിരി ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന ഗോത്രവർഗ്ഗ പരമ്പരയിലെ പിന്മുറക്കാരാണ് മന്നാന്മാർ. നാട്ടുരാജാക്കന്മാരുടെ കിടമത്സരം മൂലം ഈ ജനവിഭാഗം മധുരയിലേക്കു പലായനം ചെയ്തു എന്നു വിശ്വസിക്കപ്പെടുന്നു. മധുരയിൽ എത്തിച്ചേർന്ന ഈ വിഭാഗം അവിടെ കൂട്ടത്തോടെ താമസിക്കുകയും വർഷങ്ങൾക്കുശേഷം ഒരു കോട്ട പണിതുയർത്തുകയും ചെയ്തു. 'മന്നാൻ കോട്ട' എന്ന പേരിൽ ഒരു സ്ഥലം ഇന്നും മധുരയിൽ ഉണ്ട്. കാലക്രമേണ അവർ മധുര രാജാവിന്റെ അടിമകളായി മാറി.

മധുരയിലെ രഥോത്സവം അന്ന് പ്രസിദ്ധമായിരുന്നു. രഥം കെട്ടിവലിക്കാൻ ഉപയോഗിച്ചിരുന്ന നീളം കൂടിയ ചൂരൽ വള്ളികൾ ശേഖരിക്കാൻ അടിമകളായ മന്നാന്മാരെയാണ് രാജാവ് നിയോഗിച്ചിരുന്നത്. ദിവസങ്ങളോളം വനാന്തരങ്ങളിൽ സ്വതന്ത്രമായി കഴിയാൻ അവർക്കവസരം ലഭിച്ചു. അടിമത്തിൽനിന്നും മോചനം ലഭിക്കാനുള്ള മാർഗ്ഗം വനങ്ങളിൽ അഭയം തേടുകയാണെന്നു മനസ്സിലാക്കിയ അവർ കൂട്ടത്തോടെ ഒളിച്ചോടി. ഇങ്ങനെ മധുരയിൽ നിന്നും പലായനം ചെയ്ത ഇവർ വനമദ്യത്തിൽ വാസമുറപ്പിച്ചു. ഈ

സ്ഥലം പിന്നീട് "മന്നാൻകണ്ടം" എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. ഇവിടെനിന്നും ചെറുഗ്രൂപ്പുകളായി പിരിഞ്ഞ് വിവിധപ്രദേശങ്ങളിൽ സംഘങ്ങളായി ഇവർ താമസിച്ചു. അതിലൊരു വിഭാഗമാണ് "ചുഴലിക്കണ്ടം" എന്നറിയപ്പെട്ടിരുന്ന വാഴത്തോപ്പിൽ എത്തിച്ചേർന്നത്. സ്ഥിരതാമസം അനിവാര്യമായിത്തീർന്നപ്പോൾ കാടു വെട്ടിത്തെളിച്ച് കൃഷി ചെയ്തു. ഒന്നു രണ്ടു വർഷം ഒരുസ്ഥലത്തു കൃഷി ചെയ്താൽ മറ്റൊരു സ്ഥലത്തേക്കു മാറുക ഇവരുടെ സ്വഭാവമായിരുന്നു. മന്നാന്മാർ താമസിച്ചിരുന്ന വനപ്രദേശം തിരുവിതാംകൂർ രാജാവിന്റെ അധീനതയിലായിരുന്നു. മന്നാന്മാരുടെ തലവനായി അറിയപ്പെട്ടിരുന്ന ആളിന് "രാജമന്നാൻ" എന്ന സ്ഥാനപ്പേര് തിരുവിതാംകൂർ മഹാരാജാവ് കൽപിച്ചു നൽകുകയും ചെയ്തു. രാജനീതി നടപ്പാക്കുന്നതിനുള്ള അധികാരവും ഇതോടൊപ്പം രാജമന്നാന് രാജാവിൽ നിന്നും ലഭിച്ചിരുന്നു. മന്നാന്മാർ കൂട്ടത്തോടെ താമസിക്കുന്ന സ്ഥലത്തിന് "കുടി" എന്നു പറയുന്നു. ഓരോ കുടിക്കും ഓരോ തലവനുണ്ടായിരിക്കും. ഈ തലവനെ "കാണി" എന്നു വിളിക്കുന്നു. രാജമന്നാനാണ് ഓരോ കുടിയിലെയും തലവനെ നിശ്ചയിക്കുന്നത്.

സാമൂഹിക അസമത്വവും തമ്പുരാക്കൻമാരുടെ പീഡനങ്ങ[ൾ] സഹിക്കാനാകാതെ മതപരിവർത്തനം ചെയ്യാ[ൻ] നിർബന്ധിതരാവുകയായിരുന്നു. കഞ്ഞിക്കുഴി വാഴത്തോ[പ്പ്] ഗ്രാമപഞ്ചായത്തികളിൽ അധിവസിക്കുന്ന ഊരാളി ഉള്ളാട-മന്നാൻ തുടങ്ങിയ ഗോത്രവർഗ്ഗ വിഭാഗങ്ങളും കുടയത്തൂർ വിന്ധ്യന്റെ മലഞ്ചെരുവുകളിൽ നിന്നും ഇപ്പോഴത്തെ ഇടുക്കി താലൂക്കിലേക്ക് കുടിയേ[റിയ] മലയരയ ക്രിസ്ത്യൻ വിഭാഗങ്ങളാണ് ബ്ലോക്ക് പരിധിയിൽ അധിവസി[ക്കുന്ന] ഗോത്രവർഗ്ഗക്കാർ.

പ്രാചീന കാലഘട്ടം മുതൽ മരിയാപുരം പ്രദേശങ്ങളിൽ ജന[വാസം] ഉണ്ടായിരുന്നു എന്നതിന് തെളിവുകളായി പുരാതന കാലത്ത് ഉപയോഗി[ച്ചിരുന്നു] എന്ന് കരുതപ്പെടുന്ന മൺപാത്രങ്ങൾ, ശവകല്ലറകൾ തുട[ങ്ങിയവ] കണ്ടെത്തിയിട്ടുണ്ട്. നവീനശിലായുരാവശിഷ്ടങ്ങളും പഞ്ചായ[ത്തിന്റെ] പലഭാഗത്തും ഉണ്ട്. മധ്യതിരുവിതാംകൂർ പ്രദേശത്ത് നിന്നുള്ള[വരാണ്] കുടിയേറ്റക്കാരിൽ ഏറിയ പങ്കും. ഇടുക്കി പദ്ധതിയുടെ പണി ആരംഭിച്ചതോ[ടെ] കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പ്രത്യേകിച്ച് തെക്കൻ കേര[ളത്തിൽ] നിന്നും ധാരാളം പേർ തൊഴിൽ തേടി ഇവിടെ എത്തുക[യുണ്ടായി]. കാൽനടയായിട്ടാണ് ആദ്യകാലത്ത് ആളുകൾ ഇവിടെ എത്തിയ[ത്]. വന്യമൃഗങ്ങളുടെ ആക്രമണം, ദുഷ്കരമായ കാലാവസ്ഥ, ഭക്ഷ്യദൗർലഭ്യ[ം], ആയുധങ്ങളുടെ കുറവ്, പാർപ്പിട നിർമ്മാണത്തിനുള്ള ബുദ്ധിമുട്ട്, സാ[മ്പത്തിക] പരാധീനത എന്നിവയെല്ലാം ആദ്യകാല കുടിയേറ്റക്കാർക്ക് അഭിമുഖീക[രിക്കേണ്ടി] വന്ന പ്രശ്നങ്ങളാണ്. ഈ പഞ്ചായത്തിലെ ആദ്യ വിദ്യാലയം [...] പള്ളിയോട് അനുബന്ധിച്ച് ആരംഭിച്ച കുടിപ്പള്ളിക്കൂടം ആയിരുന്നു. 1[...] വാഴത്തോപ്പിൽ ആരംഭിച്ച ഗവ.എൽ.പി.സ്കൂളും മണിയാറൻ കുടി ഹൈസ്[കൂളും] പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ പ്രാഥമിക വിദ്യാഭ്യാസത്തെ ഒരു[പാട്] സഹായിച്ചിട്ടുണ്ട്.

*******************************